# രാഷ്ട്രീയ അവസരവാദം ജനപിന്തുണയുടെ മുഖം മൂടിയണിഞ്ഞ്

അരുൺ ജെയ്റ്റ്ലി
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ആഭ്യന്തര അടിയന്തരാവസ്ഥയുടെ 1975 ജനുവരി മുതൽ 1977 ജനുവരിവരെയുള്ള കാലം എനിക്ക് വലിയ അനുഭവപാഠങ്ങളുടേതായിരുന്നു. ഞാനന്ന് വിദ്യാർത്ഥിയും അടിയന്തരാവസ്ഥയെ എതിർത്തതിന് 19 മാസം തടവിലായ പ്രായം കുറഞ്ഞവരിൽ ഒരാളുമായിരുന്നു. ജയിലിലായിരിക്കെ മുഖ്യ ചോദ്യം അടിയന്തരാവസ്ഥ എത്രകാലത്തേക്കെന്നതായിരുന്നു. അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി "അച്ചടക്കത്തിന്റെ യുഗ"ത്തിൽ "കയ്പ്പുള്ള ഗുളികകൾ" എന്നതുപോലെയാണ് അവരുടെ സ്വേച്ഛാധിപത്യത്തേയും അടിയന്തരാവസ്ഥാ പ്രചാരണത്തേയും രാഷ്ട്രീയ എതിരാളികളുടെ തടവിലാക്കലിനേയും പ്രസ് സെൻസർഷിപ്പിനേയും മറ്റും ന്യായീകരിച്ചിരുന്നത്. ഇന്ത്യൻ ജനത അതിനെ പിന്തുണച്ചിരുന്നതായി അവർ അവകാശപ്പെട്ടു. അക്കാലത്ത് അവർ പ്രഖ്യാപിച്ച 20 ഇന പരിപാടി ജനങ്ങൾ പിന്തുണച്ചെന്നവർക്ക് തോന്നി. ജനപിന്തുണ അളക്കാൻ മാർഗമൊന്നുമുണ്ടായിരുന്നില്ല. അവരുടെ ഏകപക്ഷീയമായ വിലയിരുത്തൽ അവരുടെ രാഷ്ട്രീയത്തെ നയിച്ചു. 1977 ൽ ജനപിന്തുണയും അംഗീകാരവും വിലയിരുത്തി അവർ പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പിൽ തോറ്റു തുന്നംപാടി. സ്വന്തം സീറ്റു പോലും പോയി.

അധികപ്പറ്റായ പ്രചാരണത്തിന്റെ സഹജമായ അപകടങ്ങളിലൊന്നാണിത്. മൈതാന പ്രസംഗകർ എപ്പോഴും അവരുടെ സ്വന്തം വിശ്വാസം സത്യമാണെന്ന് കരുതും. സർക്കാർ അവരുടെ സ്വന്തം പ്രചാരണത്തിൽ വിശ്വസിക്കുന്നു. യുപിഎ സർക്കാരും അങ്ങനെ തെറ്റായി നയിക്കപ്പെടുന്നു, അവരുടെ നേട്ടങ്ങളെന്നവകാശപ്പെടുന്നവയുടെ അധികപ്പറ്റായി പ്രചാരണം നടത്തുന്നു.

**ആം ആദ്മി പാർട്ടി**

ആം ആദ്മി പാർട്ടിയുടെ ദൽഹി നിയമസഭയിലേക്കുള്ള പ്രകടനം തീർച്ചയായും ശ്രദ്ധേയമായി. അതിന്റെ നിശ്ശബ്ദവും ചിട്ടയുള്ളതുമായ പ്രചാരണം ഫലം കണ്ടു. നല്ലൊരു പങ്കു ജനങ്ങൾക്ക് സ്വീകാര്യമായ ആ നയം വില്ക്കാനവർക്കായി. ബിജെപി കഴിഞ്ഞാൽ സീറ്റെണ്ണത്തിലും വോട്ടു വിഹിതത്തിലും അവർക്ക് രണ്ടാമതെത്താനായി. ദൽഹിയിൽ തൂക്കു നിയമസഭ വന്നു. തൂക്കു നിയമസഭ സ്തംഭിത സഭയാവണമെന്നില്ല. ചെറുപാർട്ടികൾ വലിയവർക്ക് പിന്തുണ നൽകിയാൽ സർക്കാർ രൂപീകരണം സാധ്യമാണ്. കോൺഗ്രസിന് ദൽഹിയിൽ എട്ടു സീറ്റാണാകെ. അവർ എഎപിക്ക് സോപാധിക പിന്തുണപ്രഖ്യാപിച്ചു.

എഎപി പ്രഖ്യാപിച്ചിട്ടുള്ളത് അവർ 'ബദൽ രാഷ്ട്രീയത്തിന്' നിലകൊള്ളുന്നുവെന്നാണ്. അത് ആദർശാധിഷ്ഠിതമാണ്. അവർ കോൺഗ്രസിനെയോ ബിജെപിയേയോ പിന്തുണക്കില്ല, അവരുടെ പിന്തുണ നേടില്ല എന്നാണ് പ്രഖ്യാപിച്ചിരുന്നത്. സ്വാഭാവികമായും അവർ ഈ പൊതു പ്രഖ്യാപനത്തിൽ ഉറച്ചുനിന്നിരുന്നെങ്കിൽ നിയമസഭ സ്തംഭിതമായി മാറുകയും നിശ്ചിത സമയം കഴിയുമ്പോൾ പുതിയ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും വേണ്ടിവന്നേനെ.

ബദൽ രാഷ്ട്രീയത്തിന് പ്രതിബദ്ധത പ്രഖ്യാപിച്ച എഎപി അവരുടെ ഒത്തുതീർപ്പിനെ എങ്ങനെ ന്യായീകരിക്കും. സ്വാഭാവികമായും ആദർശാധിഷ്ഠിത രാഷ്ട്രീയത്തിൽ അവസരവാദത്തിനിടമില്ല. എഎപിയുടേതുൾപ്പെടെയുള്ള എംഎൽഎമാർക്ക് പലർക്കും വീണ്ടും തെരഞ്ഞെടുപ്പിൽ താൽപ്പര്യമില്ലെന്ന കാര്യത്തിൽ എഎപിക്ക് ബോധ്യപ്പെട്ടിട്ടുണ്ടായിരിക്കും. ചില പുതിയ ജനകീയ പദ്ധതികൾ പ്രഖ്യാപിച്ച്, പുതിയ നിലപാടുകൾ സ്വീകരിച്ച് അധികാരം എങ്ങനെ കയ്യാളാമെന്ന് അവർ തന്ത്രം മെനയുന്നുണ്ടാകാം. ഇതിൽ ഏത് നടപ്പാക്കാനും പഴയ നിലപാടുകളിൽനിന്ന് തലകീഴ്മറിയണം എഎപി. കോൺഗ്രസ് പിന്തുണ സ്വീകരിക്കില്ലെന്ന പഴയ നിലപാട് വിഴുങ്ങണം. അതിനാൽ അവർ ഒരു വ്യാജ റഫറണ്ടം കൊണ്ടുവന്നു. സ്വയം പ്രവർത്തിക്കുന്ന മാതൃകയിലുള്ള അഭിപ്രായ വോട്ടെടുപ്പാണത്. നഗരത്തിലെ ജനക്കൂട്ടത്തോട് ചോദിച്ചു, എഎപി സർക്കാർ ഉണ്ടാക്കണമോ എന്ന്. സ്വാഭാവികമായും അവരെല്ലാം ഈ ആശയത്തെ അനുകൂലിച്ചു. ഈ പ്രവർത്തനത്തിലെ കണക്കിലെ അത്ഭുതം നോക്കുക, തെരഞ്ഞെടുപ്പിൽ എഎപിക്ക് വോട്ട് ചെയ്തത് 30 ശതമാനം പേർ. പക്ഷേ സർക്കാരുണ്ടാക്കണമെന്നാവശ്യപ്പെട്ടത് 75 ശതമാനം.

അതായത്, ജനകീയസമ്മതിയെന്ന മുഖംമൂടിയിൽ രാഷ്ട്രീയാവസരവാദം നടപ്പിലാക്കുകയാണ്. അവരുടെ നേതാക്കൾക്കിടയിൽ വാദത്തിന് വേണ്ടി ഇങ്ങനെയൊരിടം ഉണ്ടാക്കി, "ഞങ്ങൾ അധികാരക്കൊതിയന്മാരല്ല. ഞങ്ങൾ കോൺഗ്രസിന്റെ പിന്തുണ വാങ്ങുന്നില്ല. പക്ഷേ ജനാഭിലാഷത്തിന് മുന്നിൽ തലകുനിക്കുന്ന ജനാധിപത്യവാദികളാണ് ഞങ്ങൾ. കോൺഗ്രസ് പിന്തുണയോടെ എഎപി സർക്കാരുണ്ടാക്കണമെന്നത് ജനങ്ങളുടെ ആവശ്യമാണ്."

ഇത് ബദൽ രാഷ്ട്രീയത്തിന്റെ തുടക്കമാണോ അവസാനമാണോ?